# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 4552. 28..6..2013-ൽ മറുപടിക്ക്

## പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത

ചോദ്യം

ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. സണ്ണി ജോസഫ്:

(എ) 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തെ പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഉൽപാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

ഉത്തരം

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തതമാക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തതമാക്കുന്നതിനായി ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം, അയൽ സംസ്ഥാനങ്ങളിൽ നിന്നും സങ്കരയിനം പശുക്കളെ വാങ്ങുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷിവികസന പദ്ധതി, കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികൾ എന്നിവ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നീ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക്

| | |
|---|---|
| | സൗജന്യ തീറ്റവിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു. |
| (സി) ക്ഷീരകർഷകരുടെ പെൻഷൻ പ്രതി മാസം 500 രൂപയാക്കാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.